# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2798** **13-03-2020 ൽ മറുപടിക്ക്**

### മോണിറ്ററിംഗ് സെല്ലിന്റെ അധികാരങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാനത്ത് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മോണിറ്ററിംഗ് സെല്ലിന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം സംബന്ധമായ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആയതിന് മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10.09.2018 ൽ സ.ഉ (സാധാ) 3778/18/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും, കളക്ടറേറ്റിലും, താലൂക്ക്, വില്ലേജ് ആഫീസുകളിലും അതാത് ആഫീസുകളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സർക്കാർ ഭൂമിയും സർക്കാർ ഇടവഴികളും പുറമ്പോക്ക് ഭൂമിയും കൈയ്യേറി വച്ചിരിക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കുവാനും ആയവ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇത്തരം കൈയ്യേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 7 (എ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും 26/11/2018 ലെ സ.ഉ (സാധാ) 4913/18/റവ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.<br>മേൽ ഉത്തരവുകളുടെ തുടർച്ചയെന്നോണം 14.11.2018 ലെ എൽ.ആർ.കെ1- 43670/18 നമ്പർ നടപടിക്രമത്തിലൂടെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ജില്ലാതലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതലത്തിലും റവന്യൂ ഡിവിഷൻ തലത്തിലും |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് സെൽ രൂപീകരിക്കുവാൻ തീരുമാനിക്കുകയും ജില്ലതലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) കൺവീനറായും റവന്യൂ ഡിവിഷൻ തലത്തിൽ റവ്യൂ ഡിവിഷണൽ ഓഫീസിലെ സീനിയർ സൂപ്രണ്ടിനെയും കൺവീനർമാരായി നിശ്ചയിച്ചുകൊണ്ട് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.<br>ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകൃതമായ മോണിറ്ററിംഗ് സെല്ലിന് പ്രത്യേക അധികാരങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ലാത്തതാണ്. എന്നാൽ സർക്കാർ ഭൂമിയിലെ കൈയ്യേറ്റം പൂർണ്ണതോതിൽ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകൃതമായ പ്രസ്തുത സെല്ലിന് സംസ്ഥാനത്ത് ആകമാനം വിവിധ ജില്ലകളിൽ ഗവൺമെന്റ് ഭൂമിയിലുള്ള കൈയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ടി കൈയ്യേറ്റങ്ങളിലെ ഒഴിപ്പിക്കൽ നടപടികൾ സസൂക്ഷ്മം നിരീക്ഷിച്ച് പൂർണ്ണതോതിൽ തന്നെ അത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചു എന്ന് ഉറപ്പാക്കുന്നതിനുള്ള ചുമതലകളാണ് ടി സെല്ലിൽ നിക്ഷിപ്തമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത മോണിറ്ററിംഗ് സെൽ രൂപീകരിച്ചശേഷം ഇതുവരെ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മോണിറ്ററിംഗ് സെൽ രൂപീകരിച്ചശേഷം നാളിതുവരെയായി 2202 കേസുകൾ സംസ്ഥാനത്താകമാനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൽ ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും വിവിധ ഘട്ടങ്ങളിലായി നടപടിയിൽ ഇരിക്കുന്നതുമാണ്. ടി കേസുകളിൽ നിയമാനുസൃതമായ നടപടി പൂർത്തിയായി കൈയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**